# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6877 — 02.11.2011 - ൽ മറുപടിക്ക്

## സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തു ന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തു ന്നതിന് താഴെപ്പറയുന്ന പരിപാടികൾ നടന്നുവരുന്നു.<br>(1). വിവരശേഖരണത്തിനായുള്ള ഒരു സർവ്വെ തുടർവിദ്യാകേന്ദ്രാടിസ്ഥാന-ത്തിൽ ഇപ്പോൾ നടന്നുകൊണ്ടി-രിക്കുകയാണ്. തുടർ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്ന വിവിധ പരിപാടികളോടൊപ്പം തുല്യതാ പദ്ധതിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുകയാണ് ഇപ്പോഴത്തെ ലക്ഷ്യം.<br>(2). തുല്യതാ പദ്ധതി ശക്തിപ്പെടുത്തു-ന്നതിന് അടിസ്ഥാനതല പ്രവർത്തനങ്ങൾ നടത്തുന്നു.<br>(3). വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടത്തുന്നതിനാവശ്യമായ നടപടി കൾ സ്വീകരിച്ചു വരുന്നു.<br>(4). പന്ത്രണ്ടാം പദ്ധതിക്കാലത്തെ പ്രവർത്തനങ്ങളും പദ്ധതികളും നിർണ്ണ യിക്കുന്നതിനുള്ള ഒരു കോർ കമ്മിറ്റി യോഗം ചേരുകയും പദ്ധതി സമർപ്പണത്തിനായി ഒരു ശില്പശാല ഉടനെ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൂടുതൽ രജിസ്ട്രേഷൻ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ആവശ്യത്തിനനുസരിച്ച് മാതൃഭാഷയ്ക്ക് പുറമേ മറ്റ് ഭാഷകളിലും സാക്ഷരതാ ക്ലാസ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | സംസ്ഥാനത്തെ കന്നഡ ഭാഷാ മേഖലയിൽ തുല്യതാപ്രവർത്തനം (പത്താംതരം) ആരംഭിച്ചു കഴിഞ്ഞു. തമിഴ് മേഖലയിൽ പത്താം തരം തുല്യത ആരംഭിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. കന്നഡ മേഖലകളിൽ സംഘടിപ്പിച്ചിരുന്ന സാക്ഷരതാ ക്ലാസ്സുകൾ ഇനിയും തുടരുന്നതാണ്. |

Sabitha

സെക്ഷൻ ഓഫീസർ